(ഡി) ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കോതമംഗലം താലൂക്ക് ആശുപത്രിയുടെ വികസനം

25 (472) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിലെ രോഗികളെ കിടത്തി ചികിത്സിക്കുന്ന കെട്ടിടത്തിന് വാതിലുകളോ, ജനലുകളോ ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ജനലുകളിലെ പൊട്ടിയ ഗ്ലാസുകൾ മാറ്റിയും വാതിലുകളും ജനലുകളും റിപ്പയർ ചെയ്തും പ്രശ്നം പരിഹരിച്ചിട്ടുണ്ട്. എന്നിരുന്നാലും കോതമംഗലം താലൂക്കാശുപത്രിയിലെ രോഗികളെ കിടത്തി ചികിത്സിക്കുന്ന പ്രസ്തുത കെട്ടിടം ഉപയോഗശൂന്യമായതിനാൽ ടി കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ വാർഡിനുള്ള കെട്ടിടം പണിയുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന അറുപതുലക്ഷം രൂപ പൊതുമരാമത്തു വകുപ്പിന് നൽകിയിട്ടുണ്ട്. ടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആശുപത്രി കെട്ടിടങ്ങളുടെ പുനരുദ്ധാരണം

26 (473) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് സഹായത്തോടെ ആശുപത്രി കെട്ടിടങ്ങൾ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ആശുപത്രി കെട്ടിടങ്ങളാണ് പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതു സംബന്ധമായ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നബാർഡ് സഹായത്തോടെ ആശുപത്രി കെട്ടിടങ്ങൾ പുനരുദ്ധരിക്കാൻ പദ്ധതിയില്ല. RIDF-XVI-ൽ (2010-11) ഉൾപ്പെടുത്തി നബാർഡ് ധനസഹായത്തോടെ സംസ്ഥാനത്തെ 59 ആശുപത്രികൾക്ക് പുതിയ

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടം നിർമ്മിക്കുന്നതിന് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയർ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് എന്നീ കേന്ദ്ര ഏജൻസികൾ തയ്യാറാക്കിയ 38.63 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റുകൾ നബാർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* നബാർഡിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല.

കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം

27 (474) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതു സംബന്ധമായി വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോറിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും സെപ്റ്റിക് ടാങ്കിന്റെയും വേസ്റ്റ് പിറ്റിന്റേയും പണി പൂർത്തികരിക്കാത്തതിനാൽ പുതിയ ബ്ലോക്ക് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഫണ്ടിന്റെ ലഭ്യത കുറവുമൂലം രണ്ടു നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ 51.2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഐരാണിമുട്ടത്തെ അലോപ്പതി ആശുപത്രി കെട്ടിടനിർമ്മാണം

28 (476) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഐരാണിമുട്ടത്തെ അലോപ്പതി ആശുപത്രിക്ക് 100 കിടക്കകളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് എന്നാണ് അനുമതി ലഭ്യമായതെന്ന് അറിയിക്കുമോ ;

(ബി) ഈ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് കെട്ടിട നിർമ്മാണം

29 (477) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly